**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3695 — 11.12.2018 -ൽ മറുപടിക്ക്

**വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ<br>,, പി.വി.അൻവർ<br>,, കാരാട്ട് റസാഖ്<br>,, കെ.വി.അബ്ദുൾ ഖാദർ | ശ്രീ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ മികച്ചതാണെന്ന്, വഖഫ് പ്രോപ്പർട്ടി ലീസിംഗ് നിയമം പഠന വിധേയമാക്കുന്നതിനായി കേന്ദ്രസർക്കാർ നിയോഗിച്ച ജസ്റ്റിസ് സഖിയുള്ള ഖാൻ അഭിപ്രായപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) സംസ്ഥാനത്തെ വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും അതിൽ നിന്നുള്ള വരുമാനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) വഖ്ഫ് സ്വത്ത് വികസന പദ്ധതിയുടെ ഭാഗമായി കേന്ദ്ര വഖ്ഫ് കൗൺസിൽ വഴി നല്കുന്ന വായ്പ, കേരളത്തിലെ വഖ്ഫ് സ്ഥാപനങ്ങൾക്ക് ഷോപ്പിംഗ് കോംപ്ലക്സ്, ഓഡിറ്റോറിയം, ഹോസ്പിറ്റൽ, ക്വാർട്ടേഴ്സ്, മുതലായവ നിർമ്മിക്കുന്നതിന് ശുപാർശ ചെയ്തു വരുന്നു. വഖഫ് നിയമം വകുപ്പ് 51, 54 പ്രകാരം അന്യാധീനപ്പെട്ടതും കൈയ്യേറ്റങ്ങൾക്ക് വിധേയവുമായ വഖ്ഫ് സ്വത്തുക്കൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ വഖ്ഫ് ട്രൈബ്യൂണൽ മുഖേനയും ഹൈക്കോടതി മുഖേനയും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ